# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2587** | **06/12/2018-ൽ മറുപടിയ്ക്ക്**

### കേരള ബാങ്ക് വ്യവസ്ഥകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>„ കെ.എസ്.ശബരീനാഥൻ<br>„ വി.പി.സജീന്ദ്രൻ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കാനുള്ള സർക്കാർ തീരുമാനത്തിന് കർശന വ്യവസ്ഥകൾക്ക് വിധേയമായാണോ ആർ.ബി.ഐ. അംഗീകാരം നൽകിയിരിക്കുന്നത്; | (എ) | സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ RBI തത്വത്തിലുള്ള അംഗീകാരം നല്കിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് RBI നിർദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | ആർ.ബി.ഐ. വ്യവസ്ഥ ചെയ്ത സമയപരിധിക്കുള്ളിൽ പ്രസ്തുത വ്യവസ്ഥകളെല്ലാം പാലിക്കുവാൻ സർക്കാരിന് സാധിക്കുമോ; വിശദാംശങ്ങൾ നൽകാമോ; | (ബി) & (സി) | റിസർവ് ബാങ്ക് മുന്നോട്ട് വച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതി ലഭ്യമാക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് 15 സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം പുരോഗമിച്ച് വരുന്നു. നിബന്ധനകൾ പാലിച്ച് സമയബന്ധിതമായി കേരള ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് RBI യെ സമീപിക്കുന്നതാണ്. |
| (സി) | ആർ.ബി.ഐ വ്യവസ്ഥകൾ പാലിക്കുവാനായി സർക്കാർ ഓർഡിനൻസ് പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | | |

സെക്ഷൻ ഓഫീസർ